# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 5396      01.07.2014-ലെ മറുപടിക്ക്

## <u>ശമ്പള പരിഷ്കരണക്കമ്മീഷനുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

<table>
<tr><td>(എ)</td><td>കേരളത്തിൽ ആദ്യത്തെ ശമ്പള പരിഷ്കരണക്കമ്മീഷൻ നിലവിൽ വന്നത് ഏത് വർഷമാണെന്ന് അറിയിക്കുമോ ;</td><td>കേരളത്തിൽ ആദ്യത്തെ ശമ്പള പരിഷ്കരണക്കമ്മീഷൻ നിലവിൽ വന്നത് 27.02.1965 ൽ ആണ്.</td></tr>
<tr><td>(ബി)</td><td>ശമ്പള പരിഷ്കരണത്തിനായി ഇതുവരെ എത്ര കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ട് ; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;</td><td rowspan="2">ശമ്പള പരിഷ്കരണത്തിനായി ഇതുവരെ 10 കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>കമ്മീഷൻ.</th><th>നിയമിച്ച വർഷം</th><th>നിയമിച്ച സർക്കാർ</th><th>നടപ്പാക്കിയ സർക്കാർ</th></tr>
<tr><td>ഒന്ന്</td><td>27.02.1965</td><td colspan="2">രാഷ്ട്രപതിഭരണം</td></tr>
<tr><td>രണ്ട്</td><td>09.07.1968</td><td>ഇ.എം.എസ്.</td><td>സി. അച്യുതമേനോൻ</td></tr>
<tr><td>മൂന്ന്</td><td>09.09.1977</td><td colspan="2">എ.കെ. ആന്റണി</td></tr>
<tr><td>നാല്</td><td>29.04.1983</td><td colspan="2">കെ. കരുണാകരൻ</td></tr>
<tr><td>അഞ്ച്</td><td>21.12.1987</td><td colspan="2">ഇ.കെ. നായനാർ</td></tr>
<tr><td>ആറ്</td><td>15.01.1992</td><td colspan="2">കെ. കരുണാകരൻ</td></tr>
<tr><td>ഏഴ്</td><td>18.02.1997</td><td colspan="2">ഇ.കെ. നായനാർ</td></tr>
<tr><td>എട്ട്</td><td>14.03.2005</td><td colspan="2">ഉമ്മൻചാണ്ടി</td></tr>
<tr><td>ഒൻപത്</td><td>20.02.2010</td><td colspan="2">വി.എസ്. അച്യുതാനന്ദൻ</td></tr>
<tr><td>പത്ത്</td><td>30.11.2013</td><td>ഉമ്മൻചാണ്ടി</td><td>റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല</td></tr>
</table></td></tr>
<tr><td>(സി)</td><td>ഏതെല്ലാം സർക്കാരുകളുടെ കാലഘട്ടത്തിലാണ് പ്രസ്തുത ശമ്പള പരിഷ്കരണങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്ന വിവരം അറിയിക്കുമോ ;</td></tr>
<tr><td>(ഡി)</td><td>അഞ്ചുവർഷത്തിലൊരിക്കൽ നടപ്പാക്കേണ്ടിയിരുന്ന ശമ്പളപരിഷ്കരണം യഥാസമയം നടപ്പിലാക്കാതിരുന്ന കാലഘട്ടം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഇത് നടപ്പിലാക്കാതിരുന്നതെന്ന് അറിയിക്കുമോ ;</td><td>അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം എന്നത് സംസ്ഥാനത്ത് ഒരു കീഴ്‌വഴക്കം മാത്രമാണ്. ഇതു പ്രകാരം എട്ടാം ശമ്പള പരിഷ്കരണം 2002 ൽ നടപ്പിലാക്കേണ്ടതായിരുന്നു. എന്നാൽ ഇതിന് 2004 മുതൽക്കാണ് പ്രാബല്യം നൽകിയത്.</td></tr>
<tr><td>(ഇ)</td><td>ഇപ്പോൾ നിയമിച്ചിട്ടുള്ള ശമ്പളക്കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി ?</td><td>ഇപ്പോൾ നിയമിച്ചിട്ടുള്ള ശമ്പളക്കമ്മീഷൻ ഇതുവരെയും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കമ്മീഷന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ